**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2432** **12-12-2022 - ൽ മറുപടിയ്ക്ക്**

**റേഷൻ വ്യാപാരികളുടെ കമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ വ്യാപാരികൾക്ക് റേഷൻ വിതരണത്തിന്റെ കമ്മീഷൻ നൽകുന്നതിൽ സർക്കാർ കുടിശ്ശിക വരുത്തുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എല്ലാ മാസവും അഞ്ചാം തീയതിക്ക് മുൻപ് മുൻ മാസത്തെ കമ്മീഷൻ നൽകാമെന്ന് സർക്കാർ രേഖാമൂലം ഉറപ്പ് നൽകിയിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | 2022 ഒക്ടോബറിൽ കമ്മീഷനായി വ്യാപാരികൾക്ക് നൽകേണ്ട തുകയിൽ കുറവ് വരുത്തിയിരുന്നോ; ഉണ്ടെങ്കിൽ എത്ര ശതമാനമെന്നും ഏത് സാഹചര്യത്തിലാണെന്നും വിശദമാക്കുമോ; | (സി) | ഇല്ല. |
| (ഡി) | ചില വ്യാപാരികൾക്ക് ആദ്യം കമ്മീഷൻ നൽകാനും മറ്റുള്ളവർക്ക് പണം ഉണ്ടെങ്കിൽ നൽകാനും സിവിൽ സപ്ലൈസ് കമ്മീഷണർ ഉത്തരവിറക്കിയിരുന്നോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ഡി) | ഇല്ല. എന്നാൽ 2022 ഒക്ടോബർ മാസത്തിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഓരോ റേഷൻവ്യാപാരിക്കും അർഹമായ കമ്മീഷൻതുകയുടെ 49% മാത്രം അനുവദിക്കുന്നതിനും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന, മിനിമം കമ്മീഷൻ മാത്രം ലഭിക്കുന്ന വ്യാപാരികൾക്ക് പരിഗണന നൽകുന്നതിന് പൊതുവിതരണ കമ്മീഷണർ 19.11.2022 ലെ CCS/5065/2022-A9 നമ്പർ നടപടിക്രമം പുറപ്പെടുവിക്കുകയും ആയത് 26.11.2022 ലെ CCS/5065/2022-A9 നമ്പർ നടപടിക്രമപ്രകാരം മരവിപ്പിക്കുകയും 29.11.2022ലെ ഇതേ നമ്പർ നടപടിക്രമപ്രകാരം ഒക്ടോബർ മാസത്തെ മുഴുവൻ കമ്മീഷനും അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ നൽകുന്നതിന്റെ മാനദണ്ഡങ്ങൾ വിശദീകരിക്കുമോ; ഇവരെ വിവിധ കാറ്റഗറിയായി തിരിച്ചാണോ കമ്മിഷൻ നൽകുന്നതെന്ന് അറിയിക്കാമോ; | (ഇ) | 10.11.2017 ലെ സ.ഉ(കൈ) നം.29/2017/ ഭ.പൊ.വി.വ പ്രകാരം സംസ്ഥാനത്തെ റേഷൻവ്യാപാരികൾക്ക് അനുവദിച്ച കമ്മീഷൻ പാക്കേജ് 30.11.2018 ലെ സ.ഉ(കൈ)നം.46/2018/ഭ.പൊ.വി.വ പ്രകാരം പരിഷ്കരിച്ച് താഴെപ്പറയുന്ന |

| | | | |
|---|---|---|---|
| | | | മാനദണ്ഡങ്ങൾക്കനുസൃതമായി കമ്മീഷൻ നൽകി വരുന്നു.<br><br>**45** ക്വിന്റൽ വിതരണം നടത്തുന്ന വ്യാപാരികൾക്ക് **18,000/-** രൂപ അടിസ്ഥാന കമ്മീഷനായി അനുവദിക്കുന്നു.<br><br>**44** ക്വിന്റൽ വരെ ഭക്ഷ്യധാന്യ വിൽപ്പന നടത്തുന്നവർക്ക് ക്വിന്റലിന് **220/-** രൂപ നിരക്കിൽ കമ്മീഷനും അടിസ്ഥാന കമ്മീഷൻ ലഭ്യമാകുന്നതിന് പരമാവധി **8,500/-** രൂപ വരെ സപ്പോർട്ടീവ് പെയ്.മെന്റും നൽകുന്നു.<br><br>**45** ക്വിന്റലിനു മുകളിൽ ഭക്ഷ്യധാന്യ വിൽപ്പന നടത്തിയാൽ അടിസ്ഥാന കമ്മീഷനായ **18,000/-** രൂപയ്ക്കു പുറമേ വിൽപ്പന നടത്തുന്ന ഓരോ ക്വിന്റലിനും **180-/** രൂപ നിരക്കിൽ കമ്മീഷൻ അനുവദിക്കുന്നു.<br><br>**45** ക്വിന്റൽ വരെ വിൽപ്പന നടത്തുന്ന വ്യാപാരിക്ക് അടിസ്ഥാന കമ്മീഷൻ ലഭിക്കുന്നതിന് റിക്വയർമെന്റിന്റെ **70** ശതമാനത്തിലധികം വിൽപ്പന നടത്തേണ്ടതാണ്.<br><br>വിൽപ്പനയിലുണ്ടാകുന്ന കുറവിന് ആനുപാതികമായി കമ്മീഷനിലും കുറവുണ്ടാകുന്നതാണ്. ആയതു പ്രകാരം **60** ശതമാനത്തിനും **70** ശതമാനത്തിനുമിടയിൽ വിൽപ്പന നടത്തുന്നവർക്ക് സപ്പോർട്ടീവ് പെയ്.മെന്റിൽ നിന്നും **20** ശതമാനവും **60** ശതമാനത്തിൽ താഴെ വിൽപ്പന നടത്തുന്നവർക്ക് **40** ശതമാനവും കുറവുണ്ടാകുന്നതാണ്.<br><br>ഒരേ കടയിൽ കൂട്ടിച്ചേർത്ത് പ്രവർത്തിക്കുന്ന കടകളെ ഒന്നായി പരിഗണിച്ചാണ് കമ്മീഷൻ നൽകി വരുന്നത്. |
| (എഫ്) | കമ്മീഷൻ നൽകുന്ന തുകയിൽ നിന്ന് എന്തൊക്കെ നിരക്കുകളാണ് സർക്കാർ ഈടാക്കുന്നതെന്ന് വെളിപ്പെടുത്താമോ; | (എഫ്) | കമ്മീഷൻ നൽകുന്ന തുകയിൽ നിന്നും ക്ഷേമനിധി അംശാദായ തുക എ.ആർ.ഡി ലൈസൻസികളുടെ അനുമതിയോടെ ഈടാക്കുന്നതിനു പുറമേ ലൈസൻസികൾ സർക്കാരിലേക്ക് അടവാക്കാനുള്ള ബാധ്യതതുകയും ഈടാക്കുന്നു. |
| (ജി) | റേഷൻകടയുടെ വാടക, സെയിൽസ്മാന്റെ വേതനം, വൈദ്യുതി നിരക്ക് എന്നിവ കണക്കാക്കിയാണോ കമ്മീഷൻ നിശ്ചയിച്ചിരിക്കുന്നത്; വിശദമാക്കുമോ? | (ജി) | ഓരോ മാസത്തെയും വിതരണത്തിന്റെ അടിസ്ഥാനത്തിലാണ് കമ്മീഷൻ നൽകുന്നത്. |

സെക്ഷൻ ഓഫീസർ